# കൃത്രിമ ഗർഭധാരണ സാങ്കേതികവിദ്യ- സറോഗസി നിയന്ത്രണ നിയമം 2021 പ്രകാരം ക്ലിനിക്കുകൾക്കും മറ്റു സ്ഥാപനങ്ങൾക്കും രജിസ്ട്രേഷനായി അപേക്ഷിക്കാം

കൃത്രിമ ഗർഭധാരണ സാങ്കേതികവിദ്യ-സറോഗസി നിയന്ത്രണ നിയമം 2021(Assisted Reproductive Technology (Regulation) Act 2021 & The Surrogacy (Regulation) Act 2021) പ്രകാരം പ്രജനന വന്ധ്യതാ നിവാരണ സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കണം. സർക്കാർ, സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ക്ലിനിക്കുകൾ, കേന്ദ്രങ്ങൾ, ലബോറട്ടറികൾ, ജനിതക കൗൺസിലിങ് കേന്ദ്രങ്ങൾ, പ്രജനന സാങ്കേതിക സഹായ ബാങ്കുകൾ, സറോഗസിയ്ക്കായി മനുഷ്യ ഗാമീറ്റുകൾ, ഭ്രൂണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ തുടങ്ങിയവ ഈ നിയമ പ്രകാരം രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ നടത്തുന്നതിനുള്ള അപേക്ഷ ഫോം, കൂടുതൽ വിവരങ്ങൾ എന്നിവ **https:// registry.artsurrogacy.gov.in**എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

രജിസ്ട്രേഷൻ നടത്തുന്നതിനായി ഇതിനായുള്ള അപ്രോപ്രിയേറ്റ് അതോറിറ്റി ചെയർപേഴ്സന്റെ പേരിലുള്ള **799011400007601**എന്ന ട്രഷറി **സേവിങ്സ് ബാങ്ക് അക്കൗണ്ടിലേക്ക്**രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടതാണ്. അസ്സിസ്റ്റഡ് റീപ്രൊഡക്ടിവ് ടെക്നോളജി ബാങ്കുകൾ 50,000 രൂപ, ലെവൽ 1 ക്ലിനിക്കുകൾ 50,000 രൂപ, ലെവൽ 2 ക്ലിനിക്കുകൾ 2,00,000 രൂപ, സറോഗസി ക്ലിനിക്കുകൾ 2,00,000 രൂപ എന്നിങ്ങനെയാണ് രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടത്. ഓൺലൈനായോ നേരിട്ടോ ഈ തുക അടയ്ക്കാം. സർക്കാർ സ്ഥാപനങ്ങൾ രജിസ്ട്രേഷനായി തുക അടയ്ക്കേണ്ടതില്ല.

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സ്ഥാപനങ്ങളിൽ കാണാവുന്ന വിധത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്. നിയമം നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയാൽ രജിസ്ട്രേഷൻ അസാധുവാക്കുവാനുള്ള അധികാരം അപ്രോപ്രിയേറ്റ് അതോറിറ്റിയ്ക്ക് ഉണ്ടായിരിക്കും.

**ഡോ. പ്രീത പി.പി.**
**ആരോഗ്യവകുപ്പ് ഡയറക്ടർ**
**വൈസ് ചെയർപേഴ്സൺ അപ്രോപ്രിയേറ്റ് അതോറിറ്റി**